# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1205** 10-08-2017-ൽ മറുപടി നൽകേണ്ടത്

**മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ**

ചോദ്യം | ഉത്തരം

ശ്രീ. ടി.എ.അഹമ്മദ് കബീർ : പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ അവസ്ഥ എന്തെന്നു വ്യക്തമാക്കാമോ; | എ) മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ കിഫ്ബി മുഖേന അടിസ്ഥാന സൗകര്യ നിർമ്മാണം, അന്തർദേശീയ നിലവാരമുള്ള സ്മാർട്ട് ക്ലാസ്സുകളുടെ രൂപീകരണം, കമ്പ്യൂട്ടർ ലാബ്, നെറ്റ് വർക്കിംഗ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക, ഉയർന്ന നിലവാരമുള്ള ലബോറട്ടറി, ലൈബ്രറി എന്നിവ ഒരുക്കുക തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ |

| | |
|---|---|
| | വൈദഗ്ദ്ധ്യമുള്ള നാല് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർ അടങ്ങുന്ന ഒരു ടെക്നിക്കൽ എക്സ്പർട്ട് ടീം രൂപീകരിച്ച് പദ്ധതിയുടെ രൂപരേഖ (ഡി.പി.ആർ) തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഇതിനായുള്ള മാസ്റ്റർ പ്ലാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വഴി കിറ്റ്കോ അധികൃതർക്ക് നൽകുകയും കിറ്റ്കോയിൽ നിന്നും ഒരു സംഘം കോളേജ് സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള Mandatory Other Components എന്നിവയിൽ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) പ്രസ്തുത കോളേജിന് നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ പ്രസ്തുത Component കൾ നടപ്പിലാക്കുവാൻ സാധിക്കുമോ; ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ? | (സി) സ്വന്തമായിട്ടുള്ള കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. പഠനം നടത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**